(*b*) the standard space of the floor allowed in lock-ups;

(*c*) had in any occasion the number of persons were high than the space required in lockups;

(*d*) if so, when and where ; and

(*e*) what remedy do the Government propose?

Home Minister (SHRI A. J. John): (*a*) Not less than 40 sq. ft. of ground space and 600 c. ft. of breathing space.

(*b*) 500 c. ft. of space per prisoner is the minimum prescribed except in the High Range where the minimum is 375 cubic feet of breathing space and 30 sq. ft. of ground space.

(*c*) Yes.

(*d*) During the recent Tamil Nad agitation more accused had to be kept in the lock-ups of Vilavancode, Kottayam, Changanacherry, Peermade, Kanjirappally and Mundakayam Police Stations.

(*e*) The opening of additional sub-jails.

LIBRARY ARCHIVES Kerala Legislative Assembly

ഫാർസ്റ്റ് കോഴ്സ്.

452. [27] ശ്രീ. പി. ഗോപാലൻ : താഴെ കണ്ടെന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലം ഫാർസ്റ്റേറി കോഴ്സിന് എത്രപേരെ തെരഞ്ഞെടുത്തു;

(ബി) അതിനു സ്വീകരിച്ച മിനിമം ക്വാളിഫിക്കേഷൻ എന്താണ്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഫാർസ്റ്റ് ഡിപ്ലോമാ കോഴ്സിനു ഒന്നും (1), റെയിഞ്ചേഴ്സ് കോഴ്സിനു നാലും (4), ഫാർസ്റ്റർ കോഴ്സിനു ആറും (6) പേരെ ഇക്കൊല്ലം തെരഞ്ഞെടുത്തു.

(ബി) വിവിധ കോഴ്സുകൾക്കുള്ള ഏറ്റവും കുറഞ്ഞ പരീക്ഷായോഗ്യത താഴെ പറയുന്ന പ്രകാരത്തിലാണ്:—

1. ഡിപ്ലോമാ കോഴ്സിനു, സയിൻസ് ഐച്ഛികമായെടുത്തു രണ്ടാംക്ലാസ്സു് എങ്കിലും നേടിയിട്ടുള്ള ബിരുദധാരികൾ,

2. റെയിഞ്ചേഴ്സ് കോഴ്സിനു,

(എ) സയിൻസ് ഐച്ഛികമായി എടുത്തു ഇൻറർമീഡിയറ്റ് ജയിച്ചിട്ടുള്ളവർ ;

(ബി) ഡിപ്പാർട്ടുമെൻറിൽ കുറഞ്ഞതു് അഞ്ചുകൊല്ലം സർവ്വീസ് ഉള്ളവർക്ക് മെട്രിക്കുലേഷൻ സ്റ്റാൻഡേർഡും ;

3. ഫാറസ്റ്റർ ഗ്രേഡിനു മെട്രിക്കുലേഷൻ സ്റ്റാൻഡേർഡും ഡിപ്പാർട്ടുമെൻറിൽ സർവ്വീസുമുള്ള ഫാറസ്റ്റർമാർ. അതേ പരീക്ഷയോ യ്യതയും മുന്നുകൊല്ലം ഡിപ്പാർട്ടുമെൻറിൽ സർവ്വീസുള്ള ഗാർഡുകളും. ഡിപ്പാർട്ടുമെൻറിൽ മേൽപ്പറഞ്ഞ യോഗ്യതയുള്ളവർ അപേക്ഷിക്കാതിരുന്നാൽ മെട്രിക്കുലേഷൻ സ്റ്റാൻഡേർഡ് ഉള്ളവരെ വെളിയിൽനിന്നും എടുക്കാവുന്നതാണ്.

ഭവനനിർമ്മാണം.

453. [29] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറ്റിൽമെൻറ് സ്കീം അനുസരിച്ച് ഗവണ്മെൻറിൽ നിന്ന് ഇതുവരെ എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ട്;

(ബി) എവിടെയെല്ലാം എത്ര വീടുകൾ വീതം;

(സി) ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിൽ പൊയ്യയിൽ നിന്നും കരുവന്നൂർ നിന്നും ഈ സ്കീം അനുസരിച്ച് ഭവനങ്ങൾ നിർമ്മിച്ചു കിട്ടുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ഡി) അതിൽ എന്തു നടപടി നടത്തി?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 528.

(ബി)

കാവാലം, പുളിംകുന്ന്	160.
ഹാർവ്വീപുരം, പേരൂർക്കട	175.
ബാർട്ടൻഹിൽ, തിരുവനന്തപുരം	138.
പാകോട്, വിളവംകോട്	5.
മംഗലാപുരം, മുരുക്കുംപുഴ	7.
കോട്ടയം	1.
വൈക്കം	1.
അടിമലത്തുറ, നെയ്യാറിൻകര	15.
ചിറമം, തോവാള	26.
ആകെ	528.

(സി) ഉണ്ട്;

(ഡി) 1. പൊയ്യയിൽനിന്നും 781-ാംനമ്പർ പൊയ്യ കർഷക സഹകരണസംഘം ഭവനനിർമ്മാണപദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് അപേക്ഷിച്ചതനുസരിച്ച് പൊന്നംവില കൊടുക്കേണ്ടതായ വസ്തുവിന്റെ വിവരങ്ങൾ തഹശീൽദാരിൽനിന്നും വരുത്തിയിട്ടുണ്ട്. എന്നാൽ സംഘത്തിന്റെ ഓഹരിമൂലധനത്തെയും, പ്രവർത്തനങ്ങളെയും മറ്റും പറ്റിയുള്ള വിവരങ്ങൾ അറിയുന്നതിലേയ്ക്ക് വേണ്ട അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു;

2. പുന്നംഗലം പടന്ന യുവജനസംഘത്തിന്റെ അപേക്ഷപ്രകാരം കുടിപാർപ്പു പദ്ധതി നടപ്പിൽ വരുത്തുന്നതിലേയ്ക്ക് അന്വേഷണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly